ഉത്തരം

(എ) 29 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അത്യാവശ്യമായ സ്ഥലങ്ങളിൽ പുനരുദ്ധാരണ പണികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) വെള്ളപ്പൊക്കക്കെടുതികൾ സംബന്ധമായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ലഭ്യതയനുസരിച്ച് പുനരുദ്ധാരണ പണികൾ ആരംഭിക്കും.

(ഡി) ധനലഭ്യതയനുസരിച്ച് പണികൾ ഏറെറടുക്കുന്നതാണ്.

കുഴൂർ, കുണ്ടൂർ, കൊച്ചുകടവ്, കുടപ്പുഴ, പര്യാരം, മാംപ്ര, അണമനട, ചാലക്കുടി, മേലൂർ എന്നിവിടങ്ങളിലാണ് പണി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

പനത്തുറയിൽ ഉണ്ടായ കടലാക്രമണം

1326. [1797] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവല്ലം വില്ലേജിൽപ്പെട്ട പനത്തുറയിൽ ഉണ്ടായ കടലാക്രമണവും അതുമൂലം ഉണ്ടായ നാശനഷ്ടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പനത്തുറയിൽ നഷ്ടപ്പെട്ട വീടുകളുടെ എണ്ണം എത്ര ;

(സി) കടലാക്രമണം കാരണം പനത്തുറയിൽ ഉണ്ടായിട്ടുള്ള ആകെ നഷ്ടം എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) പനത്തുറയിൽ മാത്രം നഷ്ടപ്പെട്ട വീടുകളുടെ എണ്ണം ലഭ്യമല്ല. പനത്തുറ ഉൾപ്പെടുന്ന തിരുവല്ലം വില്ലേജിൽ 595 വീടുകൾ പൂർണ്ണമായും 708 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്.

(സി) ഭൂമി നഷ്ടപ്പെട്ട വകയിൽ (ഉദ്ദേശം 10 ഏക്കർ) 30 ലക്ഷം രൂപ നഷ്ടപ്പെട്ടിട്ടുണ്ട്.

പ്രകൃതിക്ഷോഭ കാലത്ത് ഉണ്ടായ കടലാക്രമണം

1327. [1798] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ, ജൂലൈ മാസങ്ങളിൽ എവിടെയെല്ലാം കടലാക്രമണം ഉണ്ടായിട്ടുണ്ട് ;

(ബി) കടലാക്രമണം മൂലം വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ; കടലാക്രമണം കാരണം ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആകെ കണക്കാക്കപ്പെട്ട നഷ്ടം എത്ര ?

ഉത്തരം

(എ) കടലാക്രമണം ഉണ്ടായ സ്ഥലങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly